# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 74 30/01/2019 ൽ മറുപടിയ്ക്ക്

### വനദീപ്തി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൾ ഹമീദ് പി.<br>,, പാറക്കൽ അബ്ദുല്ല<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, എം.ഉമ്മർ | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| എ | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന പ്രദേശത്തിന് പുറമേ സ്വാഭാവിക വനം നിർമ്മിക്കുവാനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | എ | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വന പ്രദേശത്തിന് പുറമേ സ്വാഭാവിക വനം നിർമ്മിക്കുവാനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടില്ല. |
| ബി | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വനദീപ്തി പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;; | ബി | തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനു കീഴിൽ ആറ്റിങ്ങൽ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് 2013-ൽ ഇളമ്പ്രക്കോട് എന്ന സ്ഥലത്ത് അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റിയ 20.80 ഹെക്ടർ സ്ഥലത്ത് വനദീപ്തി പദ്ധതി പ്രകാരം തദ്ദേശീയമായി വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ച് സ്വാഭാവിക് വനമായി പുനരുജ്ജീവിപ്പിച്ച്, ടി സ്ഥലം തിരുവനന്തപുരം വനം ഡിവിഷനു കീഴിലുള്ള പാലോട് റെയിഞ്ചിന് കൈമാറിയിട്ടുണ്ട് കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനു കീഴിൽ പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് 2012-ൽ പത്തുപറ എന്ന സ്ഥലത്ത് അക്കേഷ്യ മരങ്ങൾ മുറിച്ചു മാറ്റിയ 5.70 ഹെക്ടർ സ്ഥലത്ത് വനദീപ്തി പദ്ധതി പ്രകാരം തദ്ദേശീയമായി വൃക്ഷതൈകൾ വച്ചു |

| | | | |
|---|---|---|---|
| | | | പിടിപ്പിച്ച് സ്വാഭാവിക വനമായി പുനരുജ്ജീവിപ്പിച്ച് ടി സ്ഥലം പുനലൂർ വനം ഡിവിഷന് കീഴിലുള്ള പത്തനാപുരം റെയിഞ്ചിന് കൈമാറിയിട്ടുണ്ട് |
| സി | സ്വാഭാവിക വനത്തെക്കുറിച്ച് പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി | സ്വാഭാവിക വനത്തെക്കുറിച്ച് പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും അവബോധം സൃഷ്ടിക്കുന്നതിന് സാമൂഹ്യവനവൽക്കരണ വിഭാഗം വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഹരിതകേരളം പദ്ധതി പ്രകാരം ലോകപരിസ്ഥിതി ദിനമായ ജൂൺ 5 നോട് അനുബന്ധിച്ച് വിവിധയിനം വൃക്ഷതൈകൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും, സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷൻ, സർക്കാർ ഇതര സംഘടനകൾ കുടുംബശ്രീ എന്നിവയുടെ സഹായസഹകരണത്തോടെ സാമൂഹിക വനവൽകരണ വിഭാഗം ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷതൈകൾ വച്ചുപിടിപ്പിച്ചുവരുന്നു. വഴിയോരത്തണൽ, തീരവനം, കുട്ടിവനം, നേച്ചർ അപ്രിസിയേഷൻ സെന്റർ, നക്ഷത്രവനം, ഔഷധത്തോട്ടം, തുടങ്ങിയ പദ്ധതികളും പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് നടപ്പാക്കിവരുന്നവയാണ്. സ്വകാര്യ ഭൂമികളിൽ വനവൽകരണം പ്രോൽസാഹിപ്പിക്കുന്നതിനും, കാവ്, കണ്ടൽ വനങ്ങൾ എന്നിവ സംരക്ഷിച്ച് പരിപാലിച്ചുപോരുന്ന വ്യക്തി/ സംഘടനകൾക്കുമുള്ള പ്രോൽസാഹന ധനസഹായം, വനവൽകരണ പ്രവർത്തനങ്ങളിലും മറ്റ് പരിസ്ഥിതി സംരക്ഷണ മേഖലകളിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികൾക്കും/ സംഘടനകൾക്കും ജില്ലാ അടിസ്ഥാനത്തിൽ എല്ലാ വർഷവും നൽകുന്ന വനമിത്ര പുരസ്കാരം, വനവൽകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ |

| | | | |
|---|---|---|---|
| | | | കൂടുതൽ ബോധവൽക്കരിക്കുന്നതിനായി പ്രകൃതിപഠന ക്യാമ്പുകൾ, ബോധവൽകരണ ക്ലാസ്സുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, റേഡിയോ പ്രഭാഷണം, ലഘുലേഖകൾ, ബോർഡുകൾ സ്ഥാപിക്കൽ, നീർത്തട ശുചീകരണ പ്രവർത്തനങ്ങൾ, ഫോറസ്ട്രി ക്ലബ്ബുകൾക്ക് ധനസഹായം നൽകൽ, വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിതസമിതി രൂപീകരണം, നഗര വനവത്കരണത്തിന്റെ ഭാഗമായി അർബൻ ഫോറസ്ട്രി എന്നിവയും പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കു ന്നതിനായി നടപ്പാക്കി വരുന്നവയാണ്. |

സെക്ഷൻ ഓഫീസർ